# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P11/436/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 10/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം

3.കാര്യാലയ പകർപ്പ്

നമ്പർ: KSA/KLM/P11/436/23 തീയ്യതി: 10/04/2023

## കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-01-2022 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യൂറോയി കെ.പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 09-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-03-2023 | 09-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സിജാറാണി എസ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജശ്രീ സി ആർ, ഓഡിറ്റർ
ശ്രീമതി.റജീന എ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ഹർഷകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ് കുമാർ കെ എസ് | സെക്രട്ടറി | 01-04-2021 | 11-05-2021 |

| | | | |
|---|---|---|---|
| ശ്രീമതി.അനു.സി എസ് | സെക്രട്ടറി | 11-05-2021 | 17-06-2021 |
| ശ്രീ. അജയകുമാർ വി പി | സെക്രട്ടറി | 17-06-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബിനോയ് | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. അജിത്കുമാർ. പി. വി. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സാവിത്രിദേവി. കെ. | സി ഡി പി ഒ | 01-04-2021 | 31-05-2021 |
| ശ്രീമതി മറിയം | സി ഡി പി ഒ | 01-06-2021 | 23-08-2021 |
| ശ്രീമതി ജയകുമാരി ജെ | സി ഡി പി ഒ | 24-08-2021 | 02-11-2021 |
| ശ്രീമതി ഇന്ദിര കുമാരി ആർ | സി ഡി പി ഒ | 03-11-2021 | 31-03-2022 |
| ശ്രീമതി. മിത. വി. ധരൻ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രിയ എൽ | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മീര | ക്ഷീര വികസന ഓഫീസർ | 01-04-2021 | 13-10-2021 |
| ശ്രീമതി അശ്വതി എസ് നായർ | ക്ഷീര വികസന ഓഫീസർ | 13-10-2021 | 31-03-2022 |
| ശ്രീ. സുബിൻ. എസ്. | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. നിസാം. എം. എ. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ശോഭ കെ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കുളക്കട) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധന റിപ്പോർട്ട് | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - തുക അധികമായി നല്കി. | 1-10 |
| 12 | തുക മുൻകൂർ നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-11 |
| 13 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-12 |
| 14 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല. 18,659/-രൂപ ഈടാക്കണം | 1-13 |
| 15 | ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കണം. | 1-14 |
| 16 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ ബിൽ തുക അനുവദിച്ചു : 21,107/-രൂപയുടെ അധിക ചെലവ്. | 1-15 |
| 17 | വെട്ടിക്കവല സർവ്വീസ് സഹകരണ ബാങ്കിൽ ലോൺ ബാധ്യത - 3.09 കോടി. | 1-16 |
| 18 | സംയുക്ത പദ്ധതിയ്ക്കായി വന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാതിരുന്നത് മൂലം - ഫണ്ട് നഷ്ടമായി. | 1-17 |
| 19 | ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ ബാക്കി സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണം. | 1-18 |
| 20 | വിനിയോഗ വിവരമില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-19 |
| 21 | ബെയിലിംഗ് യൂണിറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-20 |
| 22 | PMAY - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 1-21 |
| 23 | സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല. | 1-22 |
| 24 | പഠനമുറി പൂർത്തീകരിച്ചില്ല. | 1-23 |
| 25 | ചെലവ് രേഖകൾ പരിശോധനയക്ക് ഹാജരാക്കിയില്ല. | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല : 7,025/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-1 |

| | | |
|---|---|---|
| 2 | കരാർ തുകയിൽ നിജപ്പെടുത്താതെ ബിൽ തുക നൽകി : 21,107/-രൂപയുടെ അധിക ചെലവ്. | 3-2 |
| 3 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - തുക അധികമായി നല്കി. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തിയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 24.03.2021 -ലെ I (1) -ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 21.06.2022 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധന റിപ്പോർട്ട്

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1) RP-7 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പൊതു ആവശ്യ ഗ്രാന്റിൽ യഥാർത്ഥ വരവിനേക്കാൾ 4,69,700/-രൂപ കൂടുതലായി ഉൾപ്പെട്ട് വന്നിരിക്കുന്നു.

2) വികസന ഫണ്ട് (എസ്.സി.പി) സാംഖ്യ എ.സി.ആർ പ്രകാരം 2,49,48,798/-രൂപ വരവും വാർഷിക ധനകാര്യ പത്രിക പ്രകാരം 2,49,03,798/-രൂപ വരവും ആണ്.

3) RP-31 പത്രികയിൽ ഉൾപ്പെട്ടിരിക്കുന്ന TSC, MPLAD ഫണ്ടുകളുടെ വരവുകൾ യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല. ടി ഫണ്ടുകൾ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയ പലിശ വരവ് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

4) RP-31 പത്രികയിൽ 320700203 ഹെഡ് കോഡിൽ വരവായി അക്കൗണ്ട് ചെയ്ത 6,27,367/-രൂപ 320700403 ഹെഡ്കോഡിലും വരവായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

5) ബ്ലോക്ക് പഞ്ചായത്ത് തൻവർഷം PMAY-പദ്ധതിയ്ക്കായി വകയിരുത്തിയ തുക RP-31 പത്രികയിൽ 320700204 ഹെഡ്കോഡിൽ വീണ്ടും വരവായി ഉൾപ്പെടുത്തിയിരിക്കുന്നു.

6) RP-31 പത്രികയിൽ 320700403 ഹെഡ്കോഡിൽ ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തിയ തുകയിൽ 6,30,000/-രൂപ ഉൾപ്പെട്ട് വന്നിട്ടില്ല.

7) A) RP-40(b) പത്രികയിലും B-4 ഷെഡ്യൂളിലും നീക്കിബാക്കിയായി ഉൾപ്പെടുത്തിയിരിക്കുന്ന തുകയിൽ (ട്രഷറി അക്കൗണ്ട്-COVID) നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്ന 1,21,400/-രൂപ സർക്കാർ 21-22 സാമ്പത്തിക വർഷത്തിൽ തന്നെ ഈടാക്കിയ തുകയാണ്. യഥാർത്ഥ നീക്കിയിരിപ്പ് 0 ആണ്.

B) CANARA BANK-IAY- നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ല.

8) ബാലൻസ് ഷീറ്റ്- B-4 പത്രിക പ്രകാരം IAYനീക്കിയിരിപ്പ് തുക 4,12,025/-രൂപയാണ്. എന്നാൽ Canara Bank – 2681101016592 നമ്പർ അക്കൗണ്ടിൽ 2,91,89,868/-രൂപ നീക്കിയിരിപ്പുണ്ട്.

9) ബാലൻസ് ഷീറ്റ്- B-4 പത്രിക പ്രകാരം 320700205, 320700403, 320800201 ഹെഡ്കോഡിൽ IAY സംയുക്ത പദ്ധതിയുടെ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

10) CMDRF ഫണ്ട് നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്ന 1,21,400/-രൂപ സർക്കാർ 21-22 സാമ്പത്തിക വർഷത്തിൽ തന്നെ ഈടാക്കിയ തുകയാണ്. യഥാർത്ഥ നീക്കിയിരിപ്പ് 0 ആണ്.

11) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

12) B-18 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റുകൾ കൃത്യമല്ല. വാട്ടർ അതോറിട്ടിയിൽ നിന്നും മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുകകളുടെ ബാക്കി തുകയിനത്തിൽ തൻവർഷം ലഭിച്ച 15,23,575/-രൂപ നിക്ഷേപ തുകയിൽ ഉൾപ്പെടുത്തി അക്കൗണ്ട് ചെയ്തിരിക്കുന്നു.

13) ജോയിന്റ് വെഞ്ചർ അക്കൗണ്ടിനത്തിൽ B-4 പത്രികയിൽ 320700204, 320700205, 320700403 ഹെഡ് കോഡുകളിലായി യഥാക്രമം 56,55,476/-, 2,26,75,440/-, 12,45,764/- തുകകൾ (ആകെ 2,95,76,180/-) ഉൾപ്പെട്ടിട്ടുണ്ട്. B-17 പത്രികയിൽ റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 7,98,337/-രൂപയാണ് നീക്കിബാക്കിയുള്ളത്. ബാക്കി തുക ഏത് അക്കൗണ്ടിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നതെന്ന് തെളിയിക്കുന്ന

രേഖകൾ ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,89,77,503/-രൂപ |
| വരവ് | 9,66,48,240/-രൂപ |
| ആകെ | 13,56,25,743/-രൂപ |
| ചെലവ് | 9,32,70,141/-രൂപ |
| നീക്കിയിരിപ്പ് | 4,23,55,602/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 38,132/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,22,641/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ലാപ്സായ തുക (രൂപ) | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,68,86,762/- | 2,68,86,762/- | 2,58,08,000/- | 10,78,762/- | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2,64,87,000/- | 2,64,87,000/- | 2,49,03,798/- | 15,83,202/- | |
| സി.എഫ്.സി -അൺടൈഡ്-ട്രഷറി | 0 | 23,51,842/- | 23,51,842/- | 17,64,210/- | 5,87,632/- | |
| സി.എഫ്.സി - ടൈഡ് -ട്രഷറി | 0 | 29,78,440/- | 29,78,440/- | 18,63,752/- | 11,14,688/- | |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 0 | 97,64,178/- | 97,64,178/- | 63,51,531/- | 34,12,647/- | |
| സി.എഫ്.സി -അൺടൈഡ്-ബാങ്ക് | 0 | 48,86,168/- | 48,86,168/- | 32,82,504/- | 16,03,664/- | |
| സി.എഫ്.സി - ടൈഡ് -ബാങ്ക് | 0 | 72,08,000/- | 72,08,000/- | 24,24,255/- | 47,83,745/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ഐ.എ.വൈ കാനറ ബാങ്ക്-കൊട്ടാരക്കര | 3,20,79,075/- | 16,92,781/- | 3,37,71,856/- | 45,81,988/- | 2,91,89,868/- | |
| ഐ.എ.വൈ ട്രഷറി അക്കൗണ്ട് 799011400002366 | 7,04,515/- | 93,822/- | 7,98,337/- | 0 | 7,98,337/- | |
| ഐ.എ.വൈ ട്രഷറി അക്കൗണ്ട് 799013100000708 | 0 | 1,05,12,000/- | 1,05,12,000/- | 58,80,000/- | 4,63,20,000/- | |
| റ്റി.എസ്.സി | 13,03,510/- | 85,721/- | 13,89,231/- | 1,72,137/- | 12,17,094/- | |
| വാട്ടർഷെഡ് | 2,04,610/- | 36,994/- | 2,41,604/- | 2,41,604/- | 0 | |

സി.എഫ്.സി ബാങ്ക് നീക്കിബാക്കിതുകയിൽ 9,28,143/-രൂപ ചെലവ് ഉൾപ്പെടാതെയാണ് ബാങ്ക് നീക്കിബാക്കി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 113 | 15,16,89,412/- | 113 | 6,86,76,767/- | 14 | - | 87.6% |

### 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

### 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-03-2023ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവില്ലായിരുന്നു. ക്യാഷ് ബുക്ക്, ക്യാഷ് ചെസ്റ്റ് എന്നിവ പ്രകാരം നീക്കിയിരിപ്പും ഇല്ലായിരുന്നു.

### 1-8 ആഭ്യന്തരനിയന്ത്രണം

കാര്യക്ഷമമായി പദ്ധതികളുടെ നടത്തിപ്പിന്, പ്രവർത്തനങ്ങളുടെ സമയബന്ധിതമായ ആസൂത്രണ-ആരംഭ-പൂർത്തീകരണങ്ങൾ പ്രധാനമാണ് എന്നതിനാൽ പദ്ധതികളുടെ ആസൂത്രണം മുതലുള്ള കാലഘടന സഗൗരവം വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. പദ്ധതി നടത്തിപ്പ് പ്രവർത്തനങ്ങളുടെ ഏറിയ പങ്കം ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നിർവ്വഹിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്.

ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ഭാഗമായി വെട്ടിക്കവല സഹകരണ ബാങ്കിൽനിന്നുള്ള വായ്പാ ബാദ്ധ്യത നിലവിൽ 3.09 കോടി രൂപയിൽ എത്തിനിൽക്കുന്നുവെന്നത് ആശങ്കാജനകമാണ്.
ഐ.എ.വൈ ഭവന പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും, വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വരവ് വന്ന തുക പൂർണ്ണമായും സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാതെ വന്നതിനാൽ 46,32,000/-രൂപ സർക്കാർ തിരികെയെടുത്ത സാഹചര്യമുണ്ടായി. ഭവന നിർമ്മാണ പദ്ധതിയ്ക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾ വകയിരുത്തിയ തുക സമയബന്ധിതമായി ചെലവഴിക്കപ്പെടാതെ വന്നതിനാൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട പദ്ധതി ആനുകൂല്യം നിലവിൽ നഷ്ടമായിരിക്കുകയാണ്. പി.എം.എ.വൈ ഭവനനിർമ്മാണ പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്തിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ നൽകേണ്ട വിഹിതം ടി സ്ഥാപനങ്ങൾ നൽകി കഴിഞ്ഞിരിക്കുന്നതിനാൽ നഷ്ടമായ തുക കണ്ടെത്തി പദ്ധതികൾ പൂർത്തീകരിക്കേണ്ടതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ബ്ലോക്ക് പഞ്ചായത്തിന്റേതാണ്. മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര നടപടികൾ സ്വീകരിച്ച് നഷ്ടമായ പദ്ധതി തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ പരാമർശ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ, ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

### 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.12.2022 - 21.12.2022 | 2021-22 | ലഭിച്ചില്ല |
| അക്കൌണ്ട് ജനറലിന്റെ ഓഡിറ്റ് | 26.06.2018 മുതൽ 30.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | 13.08.2018 |

### 1-10 മെറിറ്റോറിയസ് സ്കോളർഷിപ്പ് - തുക അധികമായി നല്കി.

നിർവഹണ ഉദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

| പ്രോജക്ട് നം./പേര് | പ്രോജക്ട് അടങ്കൽ (രൂപ) | പ്രോജക്ട് ചെലവുതുക(രൂപ) | ബിൽ നം./തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 38/21-22 മെറിറ്റോറിയസ് സ്കോളർഷിപ്പ് | 10,00,000/- (വികസന ഫണ്ട് എസ്.സി.പി) | 9,50,000/- | CB/323/21-22 25.2.22 1,70,000/-<br>CB/350/21-22 17.3.22 1,60,000/- |

14.02.2018 ലെ സ.ഉ.കൈ.നം 22/2018.ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 പ്രകാരം പോളിടെക്നിക് കോഴ്സ് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 20,000/-രൂപ സ്കോളർഷിപ്പിനാണ് അർഹത. എന്നാൽ B.tech കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന 25,000/-രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കോഴ്സ് | അനുവദിച്ച തുക(രൂപ) | അധികം അനുവദിച്ച തുക(രൂപ) |
|---|---|---|---|
| സുചിത്ര എൽ | Diploma In Civil Engineering 1st Semester (NSS Polytechnic College, Pandalam) | 25,000/- | 5,000/- |
| അഖിൽ എ | Diploma In Mechanical Engineering 5th Semester (Central Polytechnic College, TVM) | 25,000/- | 5,000/- |
| ആകെ - 10,000/-രൂപ | | | |

അർഹതപ്പെട്ടതിലും അധികമായി 10,000/-രൂപ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികമായി അനുവദിച്ച തുക ടി വിദ്യാർത്ഥികളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി തുക തിരികെ ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിച്ച തുക - 10,000/-രൂപ

ഓഡിറ്റ് എൻക്വയറി നം. 03/09.03.2023

1-11 തുക മുൻകൂർ നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

2021-22 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ. ന് തുക മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്, നം. | അടങ്കൽ തുക (രൂപ) | ആകെ ചെലവ് തുക(രൂപ) | മരുന്ന് പൂർണ്ണമായും ലഭ്യമാക്കാൻ ശേഷിക്കുന്ന മുൻകൂർ തുകയുടെ വിവരം (രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം (രൂപ) | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം (രൂപ) |
|---|---|---|---|---|---|---|
| 1 | കളക്കട സി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങൽ, S0142/22 | 7,00,000/-, (മെയിന്റനൻസ് ഫണ്ട്, നോൺ റോഡ്) | 7,00,000/- | 4,00,000/- (ബിൽ നം. 14/10.03.22) 3,00,000/- (ബിൽ നം. 15/21.03.22) | 6,51,046/- | 48,954/- |
| 2 | പാലിയേറ്റീവ് കെയർ S0057/22 | 6,00,000/- (വികസനഫണ്ട്, ജനറൽ) | 5,99,718/- | 1,50,538/- (ബിൽ നം. 4/01.11.21) | 1,32,912/- | 17,626/- |
| | | | | 2,16,619/- (ബിൽ നം. 11 | 1,87,494/- | 29,125/- |

| | | | | |
|---|---|---|---|---|
| | | /15.02.22) | | |
| | | 9,201/- (ബിൽ നം. 16/21.03.22) | 3,602/- | 5,599/- |
| ആകെ | | | 9,75,054/- | 1,01,304/- |

1,01,304/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ആയതിനാൽ ചെലവ് തുക 1,01,304/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക- 1,01,304/-രൂപ

ഓഡിറ്റ് എൻക്വയറി നം. 07/10.03.23

1-12 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

സീനിയർ വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പദ്ധതി നിർവഹണത്തിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ രണ്ടു പ്രോജക്ടുകൾക്കുമായി ചെലവഴിച്ച 23,62,500/-രൂപ (16,87,500 + 6,75,000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് പേര്, നം. | അടങ്കൽ തുക(രൂപ) | ചെലവ് തുക(രൂപ) |
|---|---|---|---|
| 1. | കോഴി ഗ്രാമം പദ്ധതി വനിത (ജനറൽ), S0055/22 | 16,87,500/- ( വികസനഫണ്ട് ജനറൽ)<br>16,50,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | 15,75,000/-, ബിൽ നം. 1/26.11.21<br>1,12,500/-, ബിൽ നം. 3/24.03.22 |
| 2. | കോഴി ഗ്രാമം പദ്ധതി വനിത (പട്ടികജാതി), S0059/22 | 6,75,000/- (വികസനഫണ്ട് എസ്.സി.പി.)<br>6,60,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | 6,30,000/- ബിൽ നം. 2/26.11.21<br>45,000/- ബിൽ നം. 4/24.03.22 |

രേഖകൾ ഉടൻതന്നെ പരിശോധനയ്ക്ക് ഹാജരാക്കാത്ത പക്ഷം ബന്ധപ്പെട്ട ചെലവ് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയെന്ന നിലയിൽ ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

തടസ്സപ്പെടുത്തിയ തുക – 23,62,500 /- രൂപ
ഓഡിറ്റ് റിക്വിസിഷൻ നം – 1/ 07.03.2023

1-13 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല. 18,659/-രൂപ ഈടാക്കണം

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടെ 0.1% തുക ,വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാമുള്ള ഫൈൻ ഈടാക്കിയില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.SO 94/22 ( അംബേദ്കർ കോളനി നെല്ലിയാർമുകൾ റോഡ് റീടാറിംങ്/ഐറിഷ് )
അടങ്കൽ തുക.700000/-രൂപ (വികസന ഫണ്ട്-SCP ).
ചെലവ് തുക.694269/-രൂപ(bill No.60/29.03.21:655139/-,bill No.17/4.2.22:39130/-)
കരാറുകാരൻ - ശ്രീ.അനന്ദകൃഷ്ണൻ

എഗ്രിമെന്റ്നം.27/AE/LSGD/VYB/20-21/26.8.2020.
ടി.എസ്.നം.613/20-21/21.4.20
എം.ബുക്ക് നം.39/20-21
എഗ്രീഡ് പി.എ.സി. 624943.44/-
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം: 4മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 26.8.2020.(site Handed Over)
പ്രവൃത്തി പൂർത്തീകരിച്ച തീയതി :20.1.2022.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി : 25.06.2021. (6 മാസം ദീർഘിപ്പിച്ചതിനു ശേഷമുള്ള പൂർത്തീകരണ തീയതി(GO (Rt)1444/21/LSGD/31.7.21)
വൈകിയ കാലയളവ് : 209 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 18,659/-രൂപ (624943.44/-രൂപ X 0.1% X209/7).
ഈടാക്കിയ ഫൈൻ : ഇല്ല.

അപാകതകയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/8.3.23) മറുപടിയായി CMLRRP പ്രവൃത്തിക്ക് അനുബന്ധമായായിരുന്ന പരാമർശ പ്രവൃത്തി ചെയ്യേണ്ടിയിരുന്നതെന്നും, കോവിഡ് കാലമായതിനാലും മെറ്റീരിയൽ ലഭ്യമാകാതിരുന്നതിനാലും പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസമുണ്ടായി എന്നും വിശദീകരിച്ചു. എന്നാൽ മരാമത്ത് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചതായോ; കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടുള്ളതായോ കാണാൻ കഴിഞ്ഞില്ല. 18,659/-രൂപ പദ്ധതി നിർവ്വഹണാധികാരിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

### 1-14 ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കണം.

ചുവടെ ചേർക്കുന്ന റീടാറിംഗ് പ്രവർത്തിക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed Bitumen Rate അനുവദിച്ച നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പ്രവർത്തിയുടെ പേര് | ഉപയോഗിച്ച് ബിറ്റുമിൻ ഇനം/അളവ് | ആകെ ബാരലുകളുടെ എണ്ണം | തുക (രൂപ) | തുക ഈടാക്കിയത് (രൂപ) | തുക ഈടാക്കാൻ ശേഷിക്കുന്നത് (രൂപ) | കരാറുകാരൻ |
|---|---|---|---|---|---|---|
| SO 94/22 ( അംബേദ്കർ കോളനി നെല്ലിയാർമുകൾ റോഡ്റീടാറിംങ്/ഐറിഷ് ) | S65-3750kg,<br>RS1- 380kg,<br>SS1 – 160kg | 24<br>2<br>1 | 7,587/-(27x281) | 562/- | 7,025/- | ശ്രീ.അനന്ദ കൃഷ്ണൻ |

അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/8.3.23) മറുപടിയായി കാലി ബരലുകളുടെ വില ഈടാക്കുന്നതിൽ മനപ്പൂർവ്വമല്ലാത്ത പിശക് പറ്റി എന്നും, തുക കരാറുകാരനിൽനിന്നും ഈടാക്കി ഒടുക്കുന്നതാണെന്നും പദ്ധതി നിർവ്വഹണാധികാരിയായ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്.
7,025/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പദ്ധതി നിർവ്വഹണാധികാരിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

### 1-15 കരാർ തുകയിൽ പരിമിതപ്പെടുത്താതെ ബിൽ തുക അനുവദിച്ചു : 21,107/- രൂപയുടെ അധിക ചെലവ്.

പ്രോജക്ട് നമ്പർ: 9/21-22-കഴിവിള ജംഗ്ഷൻ കാവാരത്ത് തമ്പുരാൻ ബ്രിക്സ് കോളനി റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് കരാർ തുകയിൽ പരിമിതപ്പെടുത്താതെ പ്രവൃത്തി മൂല്യം കണക്കാക്കിയതുമൂലം 21,107/-രൂപയുടെ അധിക ചെലവ് ഉണ്ടായതായി ഓഡിറ്റിൽ കണക്കാക്കുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

### 1-16 വെട്ടിക്കവല സർവ്വീസ് സഹകരണ ബാങ്കിൽ ലോൺ ബാധ്യത - 3.09 കോടി.

സർക്കാർ നിർദ്ദേശങ്ങളെയും ബാങ്കുമായുള്ള കരാറിനെയും അവഗണിച്ച് സമയബന്ധിതമായി തിരിച്ചടവ് വരുത്താതിരുന്നത് മൂലം ഐ.എ.വൈ ഭവന പദ്ധതിയ്ക്കായി വായ്പയെടുത്ത വകയിൽ വെട്ടിക്കവല സർവ്വീസ് സഹകരണ ബാങ്കിൽ 28-02-2023 തീയതിയിൽ ഒടുക്കുവാനവശേഷിക്കുന്നത് 3.09 കോടി രൂപ.

തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ലഭ്യമായ വായ്പ തുക(രൂപ) | വിവിധ സ്രോതസ്സുകളിൽ നിന്നും അടച്ച തുക(രൂപ) | | 28-02-2023 വരെ തിരിച്ച് അടയ്ക്കാനുള്ള വായ്പ തുക(രൂപ) | 28-02-2023 വരെ തിരിച്ച് അടയ്ക്കാനുള്ള പലിശ(രൂപ) |
|---|---|---|---|---|
| | മുതൽ | പലിശ | | |
| 1,60,25,652/- | 174/- | 76,45,919/- | 1,60,25,478/- | 1,49,22,801/- |

സർക്കാർ ഉത്തരവ് (എം.എസ്) 90/2013/ത.സ്വ.ഭ.വ -14-03-2013 പ്രകാരം ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനായി സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ വെട്ടിക്കവല സഹകരണ ബാങ്കുമായി ധാരണാ പത്രം ചമച്ച് 14.5% നിരക്കിൽ എടുത്ത ഐ.എ.വൈ വായ്പതുകയിൽ മേൽ സൂചിത ഉത്തരവ് ഖണ്ഡിക 10 പ്രകാരം മുതലും 10.75% പലിശയും സർക്കാർ വഹിക്കുമെന്നാണ് അറിയിച്ചിരുന്നത്. അധികമായുള്ള 3.75% പലിശയാണ് ബ്ലോക്ക് പഞ്ചായത്ത് ഒടുക്കേണ്ടിയിരുന്നത്. ജി.ഒ(എം.എസ്) 162/2013/എൽ.എസ്.ജി.ഡി-14-03-2013 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വഹിക്കുന്ന പലിശ നിരക്ക് പരമാവധി 11.25% ആക്കി ഉയർത്തിയിരുന്നു. എന്നാൽ 08-04-2013 ലെ ബ്ലോക്ക് പഞ്ചായത്തിന്റെ സാധാരണ കമ്മിറ്റിയിലെ 2-നമ്പർ തീരുമാന പ്രകാരം 'വായ്പയുടെ മുതൽ ഇനത്തിൽ തിരിച്ചടക്കേണ്ട തുക പഞ്ചായത്തിന് സംസ്ഥാന ബജറ്റിന്റെ ഭാഗമായി അനുവദിക്കുന്ന പൊതുവിഭാഗം വികസനഫണ്ട് വിഹിതത്തിൽ നിന്നും 2013-14 വർഷം മുതൽ 2021-22 വരെ പ്രതിവർഷം 16,02,565/-രൂപ ക്രമത്തിലും 2022-23 വർഷത്തിൽ 16,02,567/-രൂപ ക്രമത്തിലും ആകെ 1,60,25,652/-രൂപ അതത് വർഷം കൺട്രോളിംഗ് ഓഫീസർ ഉറവിടത്തിൽ വച്ച് തന്നെ കുറവ് ചെയ്യുന്ന രീതി അവലംബിച്ച് കുറവ് ചെയ്യാൻ സർക്കാരിനെ അധികാരപ്പെടുത്താൻ തീരുമാനിച്ചിരുന്നു. 29-04-2013 ൽ വെട്ടിക്കവല സഹകരണസ്ഥാപനവുമായി ബ്ലോക്ക് പഞ്ചായത്ത് ചമച്ച ധാരണാ പത്രത്തിൽ ആയത് രേഖപ്പെടുത്തിയിട്ടുമുണ്ട്. സർക്കാർ ഉത്തരവ് (കൈ) 193/2013/ത.സ്വ.ഭ.വ/24-05-2013 പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ വീടുകൾക്ക് എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് പുതിയ നിരക്കിലുള്ള സർക്കാർ വിഹിതം ആനുപാതികമായി നൽകുന്നതിന് എടുത്ത ലോൺ തുക 10 വർഷം കൊണ്ട് അവരുടെ പ്ലാൻ അക്കൗണ്ടിൽ നിന്നും തിരിച്ചടയ്ക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. സർക്കാർ ഉത്തരവ് (കൈ) 332/13-ത.സ്വ.ഭ.വ 09-10-2013 ക്രമ നം-6 പ്രകാരം വായ്പ തുക പത്ത് വർഷം കൊണ്ട് തുല്യഗഡുക്കളായി പ്ലാൻ ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കണമെന്നും ഇപ്രകാരമുള്ള ഒരോ വാർഷിക ഗഡുവും രണ്ട് അർദ്ധവാർഷിക ഗഡുക്കളായി ആഗസ്റ്റ് 31, ഫെബ്രുവരി 28 തീയതികളിലായി ഒടുക്ക് വരുത്തണമെന്നും നിഷ്കർഷിച്ചിരുന്നു. വായ്പ മുതൽ ഒടുക്കുന്നതിനുള്ള ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും പലിശയുടെ തിരിച്ചടവ് ജില്ലാ ദാരിദ്ര ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്കും നിഷ്കർഷിച്ചിരുന്നു.

മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി പാലിക്കാതിരുന്നതു മൂലം, വർഷം തോറും തുക ഒടുക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കാതിരുന്നതിനാൽ, നിലവിൽ 3.09 കോടി രൂപയുടെ ബാധ്യതയാണ് വന്നിരിക്കുന്നത്. സർക്കാർ ഉത്തരവുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വായ്പാ മുതലിനത്തിലുള്ള 1,60,25,652/-രൂപയുടേയും 3.75% പലിശയുടേയും ബാധ്യതയുണ്ട്. പലിശയിനത്തിലുള്ള 10.75% നിരക്കിലുള്ള തുക ഒടുക്കേണ്ടത് സർക്കാരാണ്. നാളിതു വരെ പലിശയിനത്തിൽ 76,45,919/-രൂപ പ്രോജക്ടുകൾ രൂപീകരിച്ച് ബ്ലോക്ക് പഞ്ചായത്ത് പലിശ ഒടുക്കിയിട്ടുണ്ട്. പലിശയിനത്തിൽ ഒടുക്കിയ തുക പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്ത് വഹിക്കേണ്ട 3.75% നിരക്കിൽ തന്നെയാണോ തുക ഒടുക്ക് വരുത്തിയിരിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതും ലോൺ തിരിച്ചടവ് നടത്തേണ്ടതിന് വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര തീരുമാനം കൈകൊള്ളേണ്ടതുമാണ്.

1-17 സംയുക്ത പദ്ധതിയ്ക്കായി വന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാതിരുന്നത് മൂലം - ഫണ്ട് നഷ്ടമായി.

സാമ്പത്തിക വർഷാവസാനത്തിൽ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ചിരിക്കുന്ന തുക ആയത് അനുവദിച്ച സോഴ്സ് ഹെഡിലേക്ക് തിരികെ ഒടുക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സംയുക്ത പദ്ധതികൾക്കായി ഒരു പുതിയ ട്രഷറി അക്കൗണ്ട് ആരംഭിക്കുന്നതിന് 30-09-2021 ലെ സർക്കുലർ നമ്പർ 86/2021/ഫിൻ പ്രകാരം സർക്കാർ അനുമതി നൽകുകയും അക്കൗണ്ട് നമ്പർ 799013100000708 ആയി ബ്ലോക്ക് പഞ്ചായത്ത് 29-01-2022ൽ

കൊട്ടാരക്കര ജില്ലാ ട്രഷറിയിൽ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഐ.എ.വൈ ഭവന പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും 58,80,000/-രൂപയും വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 46,32,000/-രൂപയും ഉൾപ്പെടെ ആകെ 1,05,12,000/-രൂപ വരവ് വന്നതിൽ 58,80,000/-രൂപ മാത്രമാണ് ആകെ ചെലവഴിച്ചിരിക്കുന്നത്. ബാക്കി തുക സർക്കാർ തിരികെ ഈടാക്കിയിരിക്കുന്നു. നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടില്ല.

ഭവന നിർമ്മാണ പദ്ധതിയ്ക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾ വകയിരുത്തിയ തുക സമയബന്ധിതമായി ചെലവഴിക്കപ്പെടാതെ വന്നതിനാൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട പദ്ധതി ആനുകൂല്യം നിലവിൽ നഷ്ടമായിരിക്കുകയാണ്. പി.എം.എ.വൈ ഭവനനിർമ്മാണ പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്തിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ നൽകേണ്ട വിഹിതം ടി സ്ഥാപനങ്ങൾ നൽകി കഴിഞ്ഞിരിക്കുന്നതിനാൽ നഷ്ടമായ തുക ഉൾപ്പെടുത്തി പദ്ധതികൾ പൂർത്തീകരിക്കേണ്ടതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ബ്ലോക്ക് പഞ്ചായത്തിന്റേതായിരിക്കുകയാണ്. മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര നടപടികൾ സ്വീകരിച്ച് നഷ്ടമായ പദ്ധതി തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ ബാക്കി സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണം.

അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ നടത്തുന്ന ഡെപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാറുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതത് വർഷം തന്നെ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടയ്ക്കുന്നതിന് സ.ഉ (കൈ)നം 38/2023/ധന./09-03-2023 പ്രകാരം ഉത്തരവായിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രിക RP-47 പ്രകാരം 15,23,575/-രൂപ വരവുണ്ട്. ടി തുക ഇൻഡ്യൻ ബാങ്ക്, ചെങ്ങമനാട് ബ്രാഞ്ചിൽ അക്കൗണ്ട് നമ്പർ 6951603505 നമ്പർ അക്കൗണ്ടിൽ 22-02-2022 ക്രഡിറ്റ് ആയിട്ടുണ്ട്. മുൻവർഷങ്ങളിലെ വിവിധ പദ്ധതികൾക്കായി നിക്ഷേപിച്ചിരുന്ന തുകകളുടെ വിനിയോഗ ബാക്കി തുകയാണ് വാട്ടർ അതോറിട്ടിയിൽ നിന്നും തിരികെ ലഭിച്ചിരിക്കുന്നത്. വാട്ടർ അതോറിട്ടിയിൽ നിന്നും തിരികെ ലഭിച്ച തുക മേൽ സൂചിത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

1-19 വിനിയോഗ വിവരമില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ചുവടെ സൂചിപ്പിക്കും പ്രകാരമുള്ള തുകകൾ വിവിധ ഏജൻസികളിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. ടി തുകകളുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ട് നം-പേര് | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | തുക-ഫണ്ടിനം /ബിൽ നം |
|---|---|---|
| 86/22, ജില്ലാ ആസൂത്രണസമിതി മന്ദിര നിർമ്മാണം | ജില്ലാ കളക്ടർ | 1,50,000/-വികസന ഫണ്ട് (ജനറൽ)<br>17/21-22/20-10-2021 |
| 35/22-ഐ.കെ.എം വിഹിതം നൽകൽ | ഐ.കെ.എം | 64,147/-വികസന ഫണ്ട് (ജനറൽ)<br>(52,134/- 5/21-22/16-07-21<br>12,013/- 16/21-22/20-10-21) |
| 37/22-ജീവനം -ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | 1,00,000/-വികസന ഫണ്ട് (ജനറൽ)<br>6/21-22/20-07-2021 |
| 43/22,വെട്ടിക്കവല ദേശസേവാ സമിതി വായനശാലയ്ക്ക് കുഴൽകിണർ | ഭൂഗർഭ ജല വകുപ്പ് | 1,51,066/-വികസന ഫണ്ട് (ജനറൽ)(21/21-22/15-11-21)<br>48,934/-തനത് ഫണ്ട്<br>( ചെക്ക് നം -475619/ 17-11-2021 ) |
| | ആകെ | 5,14,147/- |

വിവിധ ഏജൻസികൾക്കായി നൽകിയ തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്ത

സാഹചര്യത്തിൽ മേൽ സൂചിത ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതാണ്.

തടസ്സപ്പെടുത്തിയ തുക – 5,14,147/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
ഓഡിറ്റ് എൻക്വയറി നം – 01/07-03-22

1-20 ബെയിലിംഗ് യൂണിറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പഞ്ചായത്തുകളിൽ സ്ഥാപിച്ചിരിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 20-21 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ച 187/21 എന്ന പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയാണ് പ്രോജക്ട് നം – 87/22.

കുളക്കട, മൈലം, ഉമ്മന്നൂർ, എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന എം.സി.എഫുകളിലേക്ക് ബെയിലിംഗ് മെഷീൻ ക്ലീൻ കേരള കമ്പിനി മുഖേന വാങ്ങുന്നതിനായി 20-21 വർഷത്തിൽ വകയിരുത്തിയ 17,40,000/-രൂപയിൽ ഒരു ബെയിലിംഗ് യൂണിറ്റിന് 5,61,216/-രൂപ നിരക്കിൽ മൂന്ന് ബെയിലിംഗ് മെഷീനിനായി ആകെ ചെലവാകുന്ന 16,83,648/-രൂപയുടെ 40% തുക 6,73,458/-രൂപ 20-21 സാമ്പത്തിക വർഷത്തിൽ മുൻകൂറായി നൽകിയിട്ടുണ്ട്. തുടർന്ന് 21-22 സാമ്പത്തിക വർഷത്തിൽ മേലില ഗ്രാമപഞ്ചായത്തിൽ മെഷീൻ സ്ഥാപിക്കുന്നതിനായി ക്ലീൻ കേരള കമ്പിനിയുടെ 15/11/2021 ലെ ഇൻവോയ്സ് 12 പ്രകാരം ഡിമാന്റ് ചെയ്ത 5,56,500/-രൂപയുടെ 40% തുകയായ 2,22,600/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്-റൈഡ് ഫണ്ടിൽ നിന്നും ഒടുക്ക് വരുത്തിയിട്ടുണ്ട്. കുളക്കട ഗ്രാമപഞ്ചായത്തിനെ ഒഴിവാക്കി പവിത്രേശ്വരം ഗ്രാമപഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തി ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി ക്ലീൻ കേരള കമ്പിനിയ്ക്ക് കൊടുക്കുവാനവശേഷിച്ചിരുന്ന 60% തുക 13,44,090/-രൂപ 30-03-2022 ൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം | തുക(രൂപ) | അഡ്വാൻസ് നൽകിയ തുക (രൂപ) | ബാലൻസ് തുക (രൂപ) |
|---|---|---|---|---|
| 1 | 58/12-02-2021 | 5,61,216/- | 6,73,458/- | 10,10,190/- |
| 2 | 59/12-02-2021 | 5,61,216/- | | |
| 3 | 60/12-02-2021 | 5,61,216/- | | |
| 4 | 12/15-11-2021 | 5,56,500/- | 2,22,600/- | 3,33,900/- |
